Govt L.P.School Kuttanchery

# GLPS KUTTACHERY

# ACADEMIC MASTER PLAN

# ആമുഖം

എരുമപ്പെട്ടി പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന GLPS കുട്ടഞ്ചേരി കഴിഞ്ഞ 2 വർഷങ്ങളിലെ ജനകീയമായ ഇടപെടലിന്റെ ഭാഗമായി സ്കൂൾ ഫോക്കസ് പട്ടികയിൽ നിന്ന് മുന്നേറിയിരിക്കുന്നു. PTA, MPTA OSA തുടങ്ങിയ കമ്മിറ്റികളുടെ നല്ല രീതിയിലുള്ള പ്രവർത്തനങ്ങളുടെ ഫലമായി ഓരോ വർഷവും കുട്ടികളുടെ എണ്ണം വർദ്ധിച്ചുകൊണ്ടിരിക്കുന്നു. ക്രിയാത്മകമായ ചർച്ചകളുടെയും ഇടപെടലുകളുടേയും ഭാഗമായി സ്കൂളിന്റെ സമഗ്രമായ ഒരു വിദ്യാഭ്യാസ വികസന രേഖ തയ്യാറാക്കാൻ സാധിച്ചു. സ്കൂളിന്റെ സർവ്വോന്മുഖമായ വികസനം സാധ്യമാക്കാൻ ആവശ്യമായ ഇടപെടലുകളും സഹായങ്ങളും നൽകുന്ന പി.ടി.എയെ എത്ര അഭിനന്ദിച്ചാലും അധികമാകില്ല. സ്കൂളിന്റെ ഉന്നമനത്തിനും നല്ല ഭാവിക്കുമായി പ്രവർത്തിക്കുന്ന പി.ടി.എയ്ക്ക് എല്ലാ ഭാവുകങ്ങളും നേരുന്നു.

## ലക്ഷ്യങ്ങൾ

കുട്ടികളുടെ കഴിവ് കേവലം വിഷയപഠനത്തിൽ ഒതുക്കാതെ സർഗ്ഗപരമായ എല്ലാ കഴിവുകളും വികസിപ്പിക്കുന്ന തരത്തിൽ സമഗ്ര വികസം ലക്ഷ്യമാക്കുക വഴി യഥാർത്ഥ വിദ്യാഭ്യാസ ലക്ഷ്യം കൈവരിക്കുക എന്നതാണ് അക്കാദമിക മാസ്റ്റർ പ്ലാൻ കൊണ്ട് ലക്ഷ്യമാക്കുന്നത്. പൊതുസമൂഹം ഒരു വിദ്യാലയത്തിൽ നിന്നും കൂടുതൽ പ്രതീക്ഷിക്കുന്നുണ്ട്. അവരുടെ പ്രതീക്ഷയ്ക്കപ്പുറമുള്ള പ്രവർത്തനങ്ങൾ ഏറ്റെടുത്തു കൊണ്ടു മാത്രമേ പൊതു സമൂഹത്തിന്റെ മതിപ്പും, വിശ്വാസവും പിന്തുണയും ആർജിക്കാനാകൂ എന്നതുകൊണ്ടു തന്നെ വരും വർഷ ങ്ങളിലേക്കു കൂടി പ്രാവർത്തികമാക്കാനുതകുന്ന വിധത്തിൽ ഒരു സമഗ്ര ഗുണ മേന്മാ വിദ്യാലയ വികസന രേഖ തയാറാക്കുന്നതിലൂടെ മാത്രമേ ഈ ലക്ഷ്യം സാക്ഷാത്ക്കരിക്കാനാകൂ പ്രത്യേകം തയ്യാറാക്കുന്ന മോഡ്യൂൾ പ്രകാരം തെളിവുക ളും, ഉദഹരണങ്ങളും സഹിതം ഓരോ കുട്ടിയുടേയും പഠന പുരോഗതിക്കുള്ള ഇട പെടലുകൾ നടത്തുന്ന വിദ്യാലയവും അധ്യാപകരും എന്ന ഖ്യാതി ലഭിക്കുന്നതിന് വിദ്യാലയത്തിന്റെ നിലവിലുള്ള അവസ്ഥ വിശകലനം ചെയ്ത് 10 വർഷം മുന്നിൽ കണ്ട് തയാറാക്കുന്ന വിദ്യാലയ വികസന രേഖയ്ക്കു സാധിക്കുമെന്ന കാര്യത്തിൽ ഒരു സംശയവുമില്ല

- വിദ്യാലയത്തിന്റെ അക്കാദമിക അന്തരീക്ഷം മെച്ചപ്പെടുത്തുക.
- വായനാകോർണർ, വായനാ പ്രവർത്തനം എന്നിവ സജീവമാക്കുക.
- സർഗാത്മക പ്രകടനത്തിന് അവസരമൊരുക്കുക.
- വിദ്യാലയത്തിലെ മാധ്യമ പ്രവർത്തനത്തെ പ്രോത്സാഹിപ്പിക്കുക.
- ഐ.ടി അധിഷ്ഠിത പഠനത്തിന് അനുകൂല സാഹചര്യം സൃഷ്ടിക്കുക.
- സമൂഹത്തിന്റെ വിശ്വാസ്യത ആർജിക്കുന്ന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക.
- വിദ്യാലയത്തെ പരിസ്ഥിതി സൗഹൃദമാക്കുന്ന പ്രവർത്തനങ്ങൽ ആസൂത്രണം ചെയ്യുക.
- വിവേചന രഹിത വിദ്യാലയം, അവകാശാധിഷ്ഠിത വിദ്യാലയം - അതിനുതകുന്ന പ്രവർത്തനങ്ങൽ കണ്ടെത്തുക.

- ജീവിത നൈപുണ്യ പരിശീലനം.
- അക്കാദിമിക ശോഭയുള്ള വേറിട്ട വിദ്യാലയത്തെ സൃഷ്ടിക്കുക.
- പ്രതിഭാപോഷണം പരിപാടികൾ ഏറ്റെടുക്കുക
-
- പ്രത്യേക പരിഗണന അർഹിക്കുന്നവരുടെ പഠനം മെച്ചപ്പെടുത്തുന്നതിനായി വിദ്യാലയത്തിന് പ്രവർത്ത സമീപനം രൂപം പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ഉറപ്പുവരുത്തുവാൻ സാധിക്കുമെന്നത് തന്നെയാണ് അക്കാദമിക മാസ്റ്റർ പ്ലാനിന്റെ ഏറ്റവും മികച്ച നേട്ടം.

# സംഘടനാ സംവിധാനങ്ങൾ
# പി.ടി.എ. എക്സിക്യൂട്ടീവ്
# സംഘനാ പ്രവർത്തനങ്ങൾ

1. എല്ലാ മാസവും പി.ടി.എ. എക്സിക്യൂട്ടീവ് യോഗം കൂടുന്നു. ആവശ്യമെങ്കിൽ മാസത്തിൽ 2 തവണ യോഗം കൂടാറുണ്ട്.
2. പി.ടി.എ. എക്സിക്യൂട്ടീവ് അംഗങ്ങൾക്ക് എല്ലാ ആഴ്ചയിലും വിദ്യാലയത്തിന്റെ ചുമുതലകൾ നൽകുന്നു. പി.ടി.എ. എക്സിക്യൂട്ടീവ് യോഗത്തിൽ അക്കാദമിക ചുമതലയുള്ള അധ്യാപകർ ഒരു മാസത്തേക്കാവശ്യമായ അക്കാദമിക പ്ലാൻ അവതരിപ്പിക്കുകയും കഴിഞ്ഞ മാസത്തെ അക്കാദമിക പ്ലാൻ റിവ്യൂ നടത്തുകയും ചെയ്യുന്നു.
3. എല്ലാ ആഴ്ചയിലും എക്സിക്യൂട്ടീവ് അംഗങ്ങൾ വിദ്യാലയത്തിന്റെ ചുമതലകൾ വീതിച്ചു നൽകുന്നതിനോടൊപ്പം വിസിറ്റേഴ്സ് പുസ്തകത്തിൽ എഴുതുന്നത് വിദ്യാലയത്തിന്റെ കഴിഞ്ഞകാല പ്രവർത്തനത്തിന് ഏറെ ഉപകാരമായിട്ടുണ്ട്.
4. എം.പി.ടി.എ. പി.ടി.എ. കാർഷിക മേഖലയിൽ ചുമതലകൾ വീതിച്ചു നൽകി ചുമതലകൽ നിർവഹിക്കുന്നു.
5. പി.ടി.എ.യുടെ നേതൃത്വത്തിലാണ് പ്രീപ്രൈമറി നടത്തികൊണ്ടു പോകുന്നത്.
6. പ്രീപ്രൈമറി കലോൽസവം പി.ടി.എ.യുടെ ആഭിമുഖ്യത്തിൽ നടത്തുന്നു.
7. 3 ദിവസം നിലനിൽക്കുന്ന കിഡ്സ് ഫെസ്റ്റ് ആഘോഷിക്കാറുണ്ട്.
8. കിഡ്സ് ഫെസ്റ്റ് ആഘോഷിക്കുന്നതിന്റെ ഭാഗമായി മുത്തശ്ശി മുത്തശ്ശൻമ്മാരെ ആദരിക്കാറുണ്ട്.
9. എല്ലാ മാസവും ക്ലാസ്സ് പി.ടി.എ. നടത്തുന്നു. ക്ലാസ്സ് പി.ടി.എ. യിൽ അതാത് ക്ലാസ്സിലെ കുട്ടികളുടെ കലാ പരിപാടികളോടുകൂടി യോഗം ആരംഭിക്കുന്നു.
10. പി.ടി.എ. എക്സിക്യൂട്ടീവ് അംഗങ്ങൾ ആഴ്ചയിലൊരിക്കൽ സ്കൂളും പരിസരവും സന്ദർശിക്കുകയും വിസിറ്റ് ഡയറിയിൽ അഭിപ്രായങ്ങൾ രേഖപ്പെടുത്തുകയും ചെയ്യാറുണ്ട്.

# പി.ടി.എ. വിസിറ്റ് മാർഗ്ഗ നിർദ്ദേശങ്ങൾ

പരിസരം

1. പാർക്ക് , സ്ക്കൂൾ കോമ്പൗണ്ട് എന്നിവ പരിശോധിക്കുകയും പോരായ്മകൾ മനസ്സിലാക്കുക.
2. സ്കൂൾ കോമ്പൗണ്ട് പാഠപുസ്തകം എന്ന ആശയത്തിൽ നിന്ന് അദ്ധ്യാപകരുടെ സഹായത്തോടെ സസ്യങ്ങളുടെ ശാസ്ത്രനാമങ്ങൾ തയ്യാറാക്കി വിദ്യാർത്ഥികളോട് ചോദ്യം ചോദിച്ച് സമ്മാനം നൽകുക.
3. സ്കൂൾ പ്രദർശിപ്പിച്ചിട്ടുള്ള മഹാന്മാരുടെ ബന്ധപ്പെട്ട ചോദ്യങ്ങൾ അദ്ധ്യാപകരുടെ സഹായത്തോടെ ചോദിക്കുക.
4. പ്രധാന അദ്ധ്യാപികയുടെ സഹായത്തോടെ ഏറ്റവും വൃത്തിയായി സൂക്ഷിച്ച ക്ലാസ്സിനെ സമ്മാനം നൽകുക.
5. ക്ലാസ് അദ്ധ്യാപിക സഹായത്തോടെ ഏറ്റവും നന്നായി യൂണിഫോം ധരിച്ച വിദ്യാർത്ഥിക്ക് സമ്മാനം നല്കുക.
6. ക്ലാസ് അദ്ധ്യാപിക സഹായത്തോടെ ഏറ്റവും നല്ല കയ്യക്ഷരത്തിന് സമ്മാനം നൽകുക.
7. ക്ലാസ് അദ്ധ്യാപിക സഹായത്തോടെ ബുക്ക് നീറ്റനസ് സമ്മാനം നൽകുക.
8. ക്ലാസ് അദ്ധ്യാപിക സഹായത്തോടെ അക്കാദമിക പ്രവർത്തനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് വിദ്യാർത്ഥിക്ക് സമ്മാനം നൽകുക.
9. ഏതെങ്കിലും ഒരു മാസത്തിൽ പ്രധാന അദ്ധ്യാപികയുടെ മേൽ നോട്ടത്തിൽ ഏറ്റവും നല്ല അസംബ്ലിക്ക് സമ്മാനം നൽകുക.
10. ഉച്ചഭക്ഷണം, പ്രഭാത ഭക്ഷണം പരിശോധിച്ച് അഭിപ്രായം എഴുതുക.
11. പരിഹാര നടപടികൾക്ക് നേതൃത്വം നൽകുക.

| | | | | |
|---|---|---|---|---|
| | • ഡിജിറ്റൽ അസംബ്ലി ഹാൾ | | | |
| മഴവെള്ള സംഭരണി | വെള്ളത്തിന്റെ ക്ഷാമം നേരിടുന്ന സാഹചര്യം നിലനിൽക്കുന്നതിനാൽ മഴവെള്ള സംഭരണി സ്ഥാപിക്കുന്നു | ഒരു വർഷം | സ്കൂൾ, | പഞ്ചായത്ത് |
| സുരക്ഷിത പഠനം | വിദ്യാലയത്തിന്റെ സുരക്ഷിതത്വത്തിന് കോമ്പൗണ്ടും പരിസരങ്ങളും തത്സമയം നിരീക്ഷിക്കാനാകുന്ന സിസി ടിവി ക്യാമറ സംവിധാനം ഉറപ്പുവരുത്തുന്നു<br>• എമർജൻസി എക്സിറ്റ് - ആവശ്യമുള്ളിടത്തെല്ലാം | ഒരു വർഷം | സ്കൂൾ, | ഗവൺമെന്റ് |



# രക്ഷാകർത്തൃ സൗഹൃദ വിദ്യാലയം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ദീമാതാസ ദർശനം | രണ്ട് അമ്മമാർ വീതം ക്ലാസ്‌തല സന്ദർശനം. ക്ലാസ് റൂമിന്റെ വിലയിരുത്തൽ നടത്തുന്നു. വിലയിരുത്തലുകൾ ഡയറിയിൽ രേഖപ്പെടുത്തുന്നു. നല്ല വിലയിരുത്തലിന് പ്രോത്സാഹന സമ്മാനം നൽകുന്നു. | ഓരോ മാസവും | സ്കൂൾ അധികാരികൾ | P.T.A. |
| പഠനയാത്ര | പഠനയാത്ര സംഘടിപ്പിക്കുന്നതിലും ആസൂത്രണം ചെയ്യുന്നതിലും നടപ്പിലാക്കുന്നതിലും രക്ഷിതാക്കളുടെ സജീവ പങ്കാളിത്തം ഉറപ്പുവരുത്തുന്നു. | വർഷത്തിലൊരിക്കൽ | സ്കൂൾ അധികാരികൾ | P.T.A. |
| ക്ലാസ് പി.ടി.എ. | • ഒരു നിശ്ചിത സമയം പരിധി നിശ്ചയിച്ച് ക്ലാസ് പി.ടി.എ. സംഘടിപ്പിക്കുന്നു.<br>• ആനുകാലിക പ്രസക്തമായ ഒരു വിഷയം ക്ലാസ് പി.ടി.എ.യിൽ അധ്യാപിക അവതരിപ്പിക്കുന്നു. ചർച്ച നടത്തുന്നു.<br>• ഓരോ ക്ലാസിൽ നിന്നും ഒരു രക്ഷിതാവിനെ അധ്യക്ഷനായി / ലീഡറായി തെരഞ്ഞെടുക്കുന്നു. അവരുടെ നേതൃത്വത്തിൽ മീറ്റിങ്ങ് സജീവമാക്കുന്നു.<br>• ക്ലാസ് പി.ടി.എ. കുറിച്ചുള്ള ഒരു അവലോകനം പുസ്തകത്തിൽ രക്ഷിതാക്കൾ കുറിക്കുന്നു.<br>• ക്ലാസ് റൂം പോരായ്മകൾ, മെച്ചപ്പെടുത്തൽ എന്നിവയിൽ രക്ഷിതാക്ക | ഓരോ മാസവും | അധ്യാപകർ പി.ടി.എ. | |

| | | | | |
|---|---|---|---|---|
| | ളുടെ സജീവ പങ്കാളിത്തം ഉറപ്പുവരുത്തുന്നു | | | |
| പി.ടി.എ. മാതൃസംഗമം | • മാസത്തിലൊരിക്കൽ പി.ടി.എ. മാതൃസംഗമം നടത്തുന്നു<br>• പൊതുജന പങ്കാളിത്തം ഉറപ്പുവരുത്തുന്നു. | ഓരോ മാസവും | SRG പി.ടി.എ. | |
| വാർഷികാഘോഷം | രക്ഷിതാക്കളുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്നു. | മാർച്ച് 3 | SRG<br>PTA<br>HM<br>Club | |
| പഠന ക്ലാസ്സ് | മാതാവിനും പിതാവിനും പ്രത്യേകവും ഒരുമിച്ചുമുള്ള പഠനക്ലാസ്സുകൾ. | ആഗസ്റ്റ് | SRG<br>P.T.A | |
| ഈ ലേണിംഗ് | അമ്മമാർക്ക് കമ്പ്യൂട്ടർ ക്ലാസ്മുറി പ്രയോജനപ്പെടുത്തി ഈ ലേണിംഗ് സൗകര്യം അതിലൂടെ ആധുനിക വിദ്യാഭ്യാസ രീതിയുമായി അവരെ ഒത്തിണക്കുന്നു. | 3 മാസം ജൂലൈ സെപ്റ്റംബർ | അധ്യാപകർ | |
| സർഗ്ഗോത്സവം | മാതാപിതാക്കൾക്കായി അവരുടെ കഴിവുകൾ പ്രകടിപ്പിക്കത്തക്കവിധം സർഗ്ഗോത്സവം നടത്തുന്നു. മുൻകാല കഴിവുകൾ, കലാപ്രകടനങ്ങൾ തുടങ്ങിയവയുടെ ഒരു ഓർമ്മപ്പെടുത്തൽ ഇതിലൂടെ സാധ്യമാക്കുന്നു. | ദിനാചരണങ്ങളോടനുബന്ധിച്ച് | SRG | P.T.A |
| പരാതിപ്പെട്ടി | മാതാപിതാക്കളുടെ നിർദ്ദേശങ്ങളും പരാതികളും സമർപ്പിക്കുന്നതിനാവശ്യമായ പരാതിപ്പെട്ടി സ്ഥാപിക്കുന്നു. | ഒരുവർഷം | HM | |
| വിദ്യാലയത്തോടൊപ്പം | വിദ്യാലയത്തിന്റെ എല്ലാ പരിപാടികളിലും രക്ഷിതാക്കളുടെ സാന്നിധ്യം ഉറപ്പുവരുത്തുന്നു. പരിപാടികളുടെ സംഘാടനത്തിൽ രക്ഷിതാക്കളുടെ നിർദ്ദേശങ്ങൾ പരിഗണിക്കുന്നു. | ഒരുവർഷം | P.T.A<br>SRG | |

| | | | | |
|---|---|---|---|---|
| മൊബൈൽ ഫോൺ ഉപയോഗം ബോധവൽക്കരണ ക്ലാസ് | കുട്ടികൾ പ്രയോജനകരമായി മൊബൈൽ ഉപയോഗിക്കേണ്ടതിനെപ്പറ്റിയും ഒപ്പം അതിന്റെ ദുരുപയോഗം തടയേണ്ടതിനെ പറ്റിയുമുള്ള ബോധവൽക്കരണ ക്ലാസുകൾ നടത്തുന്നു. | സെപ്റ്റംബർ | അധ്യാപകർ | |
| കൃഷിത്തോട്ടം ഔഷധത്തോട്ടം അലങ്കാരസസ്യപരിപാലനം ജൈവവേലി നിർമ്മാണം | രക്ഷിതാക്കളുടെ സഹായത്തോടെ കൃഷി, ഔഷധ സസ്യ പരിപാലനം, അലങ്കാര സസ്യ പരിപാലനം എന്നിവ നടത്തുന്നു.<br>ഇത്തരം വിഷയങ്ങളിൽ പ്രാഗത്ഭ്യം തെളിയിച്ചവരുടെ ക്ലാസ് സംഘടിപ്പിക്കുന്നു. | ജൂലൈ ഡിസംബർ | P.T.A<br>അധ്യാപകർ<br>കാർഷിക ക്ലബ് | |
| P.T.A.Vist<br>വിസിറ്റ് | | ഓരോ ആഴ്ചയിലും | | |
| | | | | |
| TEN LIFE SKILLS<br>വാക്സിൻ ഫോർ ലൈഫ് | WHO നിർദ്ദേശിക്കുന്ന 10 ലൈഫ് സ്കിൽസിനെ കുറിച്ച് പ്രത്യേക ക്ലാസ് നൽകും<br>1. സ്വയം അവബോധം<br>2. സഹാനുഭൂതി<br>3. വിമർശനാത്മക ചിന്ത<br>4. ക്രിയേറ്റീവ് ചിന്ത<br>5. തീരുമാനമെടുക്കൽ<br>6. പ്രശ്നപരിഹാരം<br>7. ഫലപ്രദമായ ആശയവിനിമയം<br>8. വ്യക്തി ബന്ധം<br>9. സമ്മർദത്തെ നേരിടുക<br>10. വികാരങ്ങളുമായി പൊരുത്തപ്പെടുന്നു. | ആഗസ്റ്റ് | P.T.A.SRG | |

# ഭിന്നശേഷി സൗഹൃദ വിദ്യാലയം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| അനുരൂപീകരണ ഭൗതിക സംവിധാനം എല്ലാ കെട്ടിടങ്ങളിലും നടപ്പിലാക്കുക | • കെട്ടിടങ്ങളിൽ കൈവരി നിർമ്മിക്കുക<br>• എല്ലാ മുറികളിലും വീൽ ചെയർ എത്താനുള്ള സൗകര്യം ഉണ്ടാക്കുക<br>• ക്ലാസ്സ് റൂം അറേഞ്ച് മെന്റ്സ് കുട്ടികൾക്ക് യോജിക്കുന്ന വിധത്തിലാക്കുക | പുതിയ , നിർമാണ പ്രവർത്തങ്ങൾ നടക്കുമ്പോൾ | സ്കൂൾ അധികാരികൾ ത്രിതല പഞ്ചായത്ത് പി.ടി.എ. | Govt. agencies |
| ഒപ്പം ഒപ്പത്തിനൊപ്പം | • ഡിജിറ്റൽ ക്ലാസ്റൂം ഉപയോഗപ്പെടുത്തി ഓഡിയോ വിഷ്വൽ ക്ലാസ്സുകൾ നൽകുക<br>• അസംബ്ലിയിൽ സാന്നിധ്യം ഉറപ്പുവരുത്തുക<br>• ഓരോ കുട്ടിക്കും അവരുടെ കഴിവുകൾ പ്രദർശിപ്പിക്കാനുള്ള സൗകര്യം നൽകുക<br>• സർഗോത്സവത്തിൽ അവസരം നൽകുക.<br>• Inclusive Educationനു പ്രാധാന്യം നൽകുക. | അധ്യായന വർഷത്തിലുട നീളം | ക്ലാസ്സ് ടീച്ചർ | |
| രക്ഷിതാക്കൾക്ക് കൗസലിങ്, ബോധവത്ക്കരണ ക്ലാസ്സുകൾ | • അധ്യാപകർ കുട്ടികളുടെ വീടുകൾ സന്ദർശിക്കുക.<br>• രക്ഷിതാക്കളുമായി അഭിപ്രായങ്ങൾ പങ്കുവെക്കുക<br>• Doctors, Physiotherapists, BRC Trainers ഇവരുടെ സേവനം ഉറപ്പുവരുത്തുക.<br>• ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുക.<br>• ഭിന്നശേഷിക്കാരയ മക്കളെ സമൂഹത്തിൽ ഉന്നത സ്ഥാനത്തേക്കെത്തിച്ച രക്ഷിതാക്കളുടെ അനുഭവങ്ങൾ പങ്കുവെക്കുക. | ജൂൺ, ജൂലൈ അധ്യയന വർഷത്തിലുട നീളം | അധ്യാപകർ പി.ടി.എ. | പി.ടി.എ. |

# പൂർണ മാനസീക ശാരീരിക ആരോഗ്യ വിദ്യാലയം

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പോഷകാഹാരം ഉറപ്പുവരുത്തുക | സമീകൃത ആഹാരങ്ങളായ പാൽ, മുട്ട എന്നിവ ഉറപ്പുവരുത്തുക | വർഷത്തിലൂടനീളം | അധ്യാപകർ | |
| | പോഷക ആഹാരങ്ങൾ അടങ്ങിയ പ്രഭാത ഭക്ഷണം ഉറപ്പുവരുത്തുക | വർഷത്തിലൂടനീളം | പഞ്ചായത്ത് അധികാരികൾ | |
| | എല്ലാ കുട്ടികൾക്കും തിളപ്പിച്ചാറിയ കുടിവെള്ളം നൽകാനുള്ള സംവിധാനം ഉറപ്പുവരുത്തുക. സമയാസമയങ്ങളിൽ വാട്ടർ ബെൽ അടിച്ച് കുട്ടികൾ വെള്ളം കുടിക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്തുക | വർഷത്തിലൂടനീളം | അധ്യാപകർ | |
| | സ്കൂളിൽ മെനു പ്രസിദ്ധീകരിക്കുക, അതനുസരിച്ചുള്ള വിഭവങ്ങൾ ഉച്ചഭക്ഷണത്തിൽ ഉൾപ്പെടുത്തുക. | വർഷത്തിലൂടനീളം | അധ്യാപകർ | |

| | | | | |
|---|---|---|---|---|
| | ക്ലാസിൽ ലീഡറെ തെരഞ്ഞെടുക്കുക. പഠനത്തിൽ പിന്നോക്കമായിട്ടുള്ള കുട്ടികളെ ലീഡറാക്കുക. ആഴ്ച്ചയിൽ ലീഡറെ മാറ്റി ആക്കുക. | ആഴ്ച്ചയിൽ /മാസത്തിൽ | ക്ലാസ് ടീച്ചർ | |
| നമ്മൾ എല്ലാം ഒന്നാണ് | യൂണിഫോം കൃത്യമായി ധരിച്ചുവരുന്ന കുട്ടികൾക്ക് സമ്മാനം നൽകുന്നു ക്ലാസ് തലത്തിൽ ഗ്രൂപ്പുകളായി തരംതിരിച്ച് മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തില അച്ചടക്കംപാലിക്കുന്ന ഗ്രൂപ്പിന് സമ്മാനം നൽകുന്നു. (Best group, Best Student ) | മാസത്തിൽ ഒരിക്കൽ | അധ്യാപകർ | |



# ഹരിത വിദ്യാലയം

| പ്രവർത്തനങ്ങൾ | ലക്ഷ്യങ്ങൾ | വികാസ മേഖല | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| ജൈവ വൈവിധ്യ ഉദ്യാനം<br>• ജൈവ വൈവിധ്യ ഉദ്യാനം നിർമ്മിക്കുന്നു.<br>• ആയുർവേദ സസ്യ ത്തോട്ടം നിർമിക്കുന്നു ഓരോ ചെടിയുടെയും പേര് ചട്ടിയിൽ എഴുതിവ ക്കുന്നു.<br>• ഓരോ വിദ്യാർത്ഥി കൾക്കും ഓരോ ചെടിച്ചട്ടി വീതം സംഭാവന ചെയ്യാൻ അവസരം നൽകുന്നു<br>• സ്കൂൾകോമ്പൗണ്ടിൽ ഉള്ള മരങ്ങളിൽ ശാസ്ത്രീ യനാമം ആലേഖനം ചെയ്യുന്നു.<br>• ഹരിതപാതകൾ, ഹരിത ഇടനാഴികൾ, പച്ചപന്തലു കൾ | ആയുർവേദ സസ്യങ്ങളെ തിരിച്ചറിയാനും ഉപയോഗങ്ങൾ മനസിലാ ക്കാനും കുട്ടിക്ക് കഴിയു ന്നു. ചെടികളു ടെയും മരങ്ങ ളുടെയും ശാസ്ത്രീയ നാമങ്ങൾ അറി യാതെ തന്നെ പഠനത്തിന്റെ ഭാഗമാക്കാനും കഴിയുന്നു. | നേതൃ ത്വ ബുദ്ധി, പ്രകൃതി പരമായ ബുദ്ധി | സെപ്റ്റംബർ - നവംബർ | സയൻസ് ക്ലബ്, സോഷ്യൽ സയൻസ് ക്ലബ്ബ്, കുട്ടി കൾ അധ്യാപ കർ | പി.ടി.എ. |
| ശലഭോദ്യാനം<br>ചിത്രശലഭങ്ങളെ ആകർഷിക്കുന്ന ചെടികൾ നട്ടുപിടിപ്പിച്ച് ചിത്ര ശലഭോദ്യാനം നിർമ്മിക്കുന്നു.<br>• അവിടെയെത്തുന്ന ശലഭ ങ്ങളെ തിരച്ചറിയാനും കുട്ടികൾക്ക് അവസരം നൽകും | ഓരോ ചിത്ര ശലഭങ്ങളെയും കുറിച്ച് പഠി ക്കാൻ ഇത് സഹായകമാകു ന്നു. | പ്രകൃതി പരമായ ബുദ്ധി | നവം ബർ | Science club, Social Science club, Teachers students | പി.ടി.എ. |

| | | | | | |
|---|---|---|---|---|---|
| അമൃതം - സ്കൂൾ പച്ചക്കറിത്തോട്ടം<br>• സ്കൂൾ ഉച്ചഭക്ഷണത്തിനായി വേണ്ട പച്ചക്കറികൾ ഉൾപ്പെടുത്തി പച്ചക്കറിത്തോട്ടം നിർമ്മിക്കുന്നു.<br>• കര നെൽകൃഷി ആരംഭിക്കും | കാർഷിക സംസ്കൃതിയെ കുറിച്ചുള്ള അറിവ് കുട്ടികളിൽ വളർത്തുകയും വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട പഠന പ്രവർത്തനങ്ങളെ കൃഷിയുമായി ചേർത്തുകൊണ്ട്<br><br>അധ്വാനശീലം, സഹകരണ മനോഭാവം എന്നിവയെ കുറിച്ച് കുട്ടികളിൽ അവബോധം സൃഷ്ടിക്കാൻ സഹായിക്കുന്നു.<br>• വിഷരഹിത ഭക്ഷണം ജീവിതത്തിന്റെ ഭാഗമാക്കാനും ശീലിക്കുന്നു. | സംസ്കാരിക പരമായ ബുദ്ധി, പ്രകൃതി പരമായ ബുദ്ധി ശാരീരക ചലനപരമായ ബുദ്ധി. | നാല് മാസത്തിനുള്ളിൽ<br><br>ഏപ്രിൽ, മെയ് | കാർഷിക ക്ലബ് Parents Teachers<br><br>കാർഷിക ക്ലബ് പി.ടി.എ. | പഞ്ചായത്ത് |

# സുന്ദര വിദ്യാലയം

| പ്രവർത്തനങ്ങൾ | ലക്ഷ്യങ്ങൾ | വികാസ മേഖല | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| പൂമുറ്റം പൊൻമുറ്റം<br>• സ്കൂൾ മുറ്റം വ്യത്യസ്ത തരം പൂച്ചെടികൾ വച്ചു പിടിപ്പിച്ചു മനോഹരമാക്കുന്നു | സ്വന്തം വിദ്യാലയം സ്വന്തം ഉത്തരവാദിത്തമാണെന്ന് തിരിച്ചറിഞ്ഞ് ഉത്തരവാദിത്ത ബോധം ഉയർത്താൻ സഹായിക്കുന്നു. | പ്രകൃതിപരമായ ബുദ്ധി ദൃശ്യസ്ഥല പരമായ ബുദ്ധി 1 | ജൂൺ - ആഗസ്റ്റ് | Parents Teachers students | പി.ടി. എ. |
| പൂച്ചെടികൾ സംരക്ഷിക്കുന്നതിനായി ഓരോ ക്ലാസ്സുകാർക്കും (ആഴ്ചയിൽ ഒരു ദിവസം വീതം) അവസരം നൽകുന്നു. | പരിസരവും ഉദ്യാനവും സംരക്ഷിക്കുന്നതു വഴി പ്രകൃതി സംരക്ഷണം എന്ന ഉയർന്ന മൂല്യം കുട്ടികളിൽ ഉളവാകാൻ സഹായിക്കുന്നു. | നേതൃത്വപരമായ ബുദ്ധി | വർഷം മുഴുവൻ | വിദ്യാർത്ഥികൾ | |
| മുറ്റം ടൈൽ പാകും നടപ്പാതകൾ ഒരുക്കും | | | | | പഞ്ചായത്ത് |
| ഉദ്യാനവും ചെടികളും നന്നായി പരിപാലിച്ച ക്ലാസിനെ തിരഞ്ഞെടുത്ത് അഭിനന്ദിക്കുന്നു. | | | ആഴ്ചയിൽ ഒരു ദിവസം | അധ്യാപകർ | |
| സ്കൂൾ മതിൽ, സ്കൂൾ കവാടം പെയിന്റ് ചെയ്ത് മനോഹരമാക്കുന്ന മഹദ് വചനങ്ങൾ എഴുതും | | ഭാഷപരമായ ബുദ്ധി | നിർമാണപ്രവർത്തനങ്ങൾ നടക്കുന്ന സമയം | | |

| | | | | | |
|---|---|---|---|---|---|
| കുട്ടികളുടെ പാർക്ക് ഉപയോഗപ്രദമാക്കും, പ്രതിമകൾ പെയിന്റ് ചെയ്ത് ഭംഗിയാക്കുന്നു. ഊഞ്ഞാൽ, സീസോ എന്നിവ ഉപയോഗയോഗ്യമാക്കും | | | നിർമാണപ്രവർത്തനങ്ങൾ നടക്കുന്ന സമയം | | പഞ്ചായത്ത് |
| പാർക്ക് പൂച്ചെടികൾ നട്ടു പിടിപ്പിച്ച് മനോഹരമാക്കുന്നു | | | ആറ് മാസത്തിനുള്ളിൽ | പി.ടി.എ അധ്യാപകർ | |
| വിദ്യാലയം തന്നെ പാഠപുസ്തകം ക്ലാസ് മുറികളുടെ ചുവരുകൾ പഠനത്തിന് സഹായകരമാക്കും വിധം ഓരോ വിഷയങ്ങളും ആലേഖനം ചെയ്ത് ഭംഗിയാക്കും. | | | നിർമാണപ്രവർത്തനങ്ങൾ നടക്കുന്ന സമയം | | പഞ്ചായത്ത് |
| ക്ലാസ് മുറികളിൽ കുട്ടികൾക്ക് പുസ്തകങ്ങൾ സൂക്ഷിക്കാൻ ഷെൽഫുകൾ നിർമ്മിക്കുന്നു. | | | നിർമാണപ്രവർത്തനങ്ങൾ നടക്കുന്ന സമയം | | പഞ്ചായത്ത് |
| കിണറിന്റെ മതിലുകളിൽ ജലസംരക്ഷണവുമായി സ്ലോഗൻസ് എഴുതി മനോഹരമാക്കും | | | നിർമാണപ്രവർത്തനങ്ങൾ നടക്കുന്ന സമയം | | |
| ഒരോ ബിൽഡിംങ്ങ് ബ്ലോക്കിനും മഹദ് വ്യക്തികളുടെ പേരു നൽകുന്നു. | | | നിർമാണപ്രവർത്തനങ്ങൾ നടക്കുന്ന സമയം | | |

# ജനകീയ വിദ്യാലയം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഓർക്കാം പഴമയെ നവീകരാക്കാം പുതുമയെ.. | പൂർവ്വ വിദ്യാർത്ഥികളെ ഉൾക്കൊള്ളിച്ച് ഒരു വാട്സാപ്പ് കൂട്ടായ്മ രൂപീക്കുക. സ്കൂളിലേക്ക് ആവശ്യമായ സഹായങ്ങൾ ഈ ഗ്രൂപ്പിലേക്ക് അറിയിക്കുകയും ആവശ്യമായ നടപടികൾ കൈകൊള്ളുകയും ചെയ്യുന്നു. | അക്കാദമിക വർഷത്തിലൂട നീളം | പി.ടി.എ. | പി.ടി.എ. |
| ഉണർവ്വോടെ മുന്നോട്ട് | സ്കൂൾ തുറക്കുന്നതിനു മുൻപെ പി.ടി.എ. ജനറൽബോഡി കൂടുകയും ജൂൺ മാസത്തിൽ ആരംഭിക്കേണ്ട പ്രത്യേക പരിപാടികൾ ആസൂത്രണം ചെയ്യുകയും ചെയ്യുന്നു. പ്രവർത്തനങ്ങളുടെ വ്യക്തമായ രൂപത്തെ പി.ടി.എ.യിൽ ചർച്ച ചെയ്യുന്നു. | മെയ് | പി.ടി.എ. | ആവശ്യമില്ല |
| കൂട്ടായ് ഉയരാം | മാസത്തിലൊരിക്കൽ ക്ലാസ് പി.ടി.എ. വിളിച്ചു കൂട്ടുകയും രക്ഷിതാക്കളും അധ്യാപകരും തമ്മിൽ വിദ്യാർത്ഥികളുടെയും സ്കൂളിന്റെയും പുരോഗതി വ്യക്തമായി ചർച്ച ചെയ്യുന്നു.<br>ക്ലാസ് പി.ടി.എ.യിൽ അതതുമാസത്തെ മികച്ച വിദ്യാർഥികളുടെ പ്രവർത്തനങ്ങൾ അവതരിപ്പിക്കുന്നു. | ഓരോ മാസവും | അധ്യാപകർ | പി.ടി.എ. |
| അറിവിന്റെ കൂട്ടുകാർ | ക്ലാസ് വാട്സാപ്പ് കൂട്ടായ്മകൾ രൂപീകരിക്കുകയം അധ്യാപകർ ക്ലാസിലെ വിവരങ്ങൾ അതിൽ പങ്കുവെയ്ക്കുകയും ചെയ്യുന്നു.<br><br>ക്ലാസ് പി.ടി.എ.യിൽ വരുന്ന രക്ഷിതാക്കൾ സ്കൂളിന്റെ പൊതുവായ ആവശ്യങ്ങൾക്കായി സമയം നീക്കിവയ്ക്കുന്നു. | ഓരോ മാസവും | പി.ടി.എ. | ആവശ്യമില്ല |
| പരിശീലനത്തിലൂടെ മികവിലേക്ക് | കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് ട്രെയിനെ നിയമിക്കുന്നു.<br>അബാക്കസ്, കരാത്തെ, ഡാൻസ്, സംഗീതം എന്നിവയ്ക്ക് പ്രത്യേകം പരിശീലരെ നിയമിക്കുന്നു. | അക്കാദമിക വർഷത്തിലൂട നീളം | പി.ടി.എ. | പി.ടി.എ. |

| | | | | |
|---|---|---|---|---|
| അറിവ് നേടാം അഭിമുഖത്തിലൂടെ | ഓരോ മാസത്തിലും പ്രത്യേക വൈദഗ്ധ്യം ലഭിച്ചവരുടെ ക്ലാസുകൾ, അഭിമുഖം എന്നിവ സംഘടിപ്പിക്കുന്നു. കുട്ടികൾക്ക് കൗൺസിലിംഗ്, ഹെൽത്ത് ചെക്കപ്പുകൾ എന്നിവയ്ക്ക് അവസരമൊരുക്കുന്നു. | ഓരോ മാസവും | പി.ടി.എ. | പി.ടി.എ. |
| ഉച്ചവാർത്ത | തനത് പ്രവർത്തനം -എന്നും ഉച്ചയ്ക്ക് ഇംഗ്ലീഷ്, മലയാളം, ഹിന്ദി വാർത്തകൾ മൈക്കിലൂടെ പ്രക്ഷേപണം ചെയ്യുന്നു. | അക്കാദമിക വർഷത്തിലൂട നീളം | അധ്യാപകർ | ആവശ്യമില്ല |
| അടുക്കാം, അറിയാം | കുട്ടികളുടെ വീടുകളിൽ അധ്യാപകർ ഭവന സന്ദർശനം നടത്തുന്നു. | ഓഗസ്റ്റ്, ഡിസംബർ | അധ്യാപകർ | ആവശ്യമില്ല |
| കോർണർ പി.ടി.എ. | കോർണർ പി.ടി.എ. സംഘടിപ്പിക്കുന്നു. | ഫെബ്രുവരി | അധ്യാപകർ | പി.ടി.എ. |
| ടീച്ചേഴ്സ് ബാങ്ക് | ടീച്ചേഴ്സ് ബാങ്ക് രൂപീകരിക്കുന്നു - പ്രാദേശികമായി ബിരുദധാരികളുടെ കൂട്ടായ്മ രൂപീകരിച്ച് സ്കൂളിലേക്ക് വൈജ്ഞാനികവും ഭൗതികവുമായ സഹകരണം ഉറപ്പാക്കുന്നു. | അക്കാദമിക വർഷത്തിലൂട നീളം | അധ്യാപകർ പി.ടി.എ. | ആവശ്യമില്ല |



# കലാപോഷിത വിദ്യാലയം

| പ്രവർത്തനങ്ങൾ | ഉദ്ദേശ്യവും വികാസമേഖലയും | കാലയളവ് | ചുമതല | സാമ്പത്തിക |
|---|---|---|---|---|
| **സ്കൂൾ അസംബ്ലി - ഉല്ലാസ തരം** അസംബ്ലിയിൽ എല്ലാ കുട്ടികൾക്കും പങ്കാളിത്തം ഉറപ്പുവരുത്തുന്നു. വിവിധ കലാപരിപാടികൾ അസംബ്ലിയിൽ ചെയ്യാനായി അവസരം നൽകുന്നു. | | അക്കാദമിക വർഷത്തിലുനീളം | അധ്യാപകർ | ആവശ്യമില്ല |
| **കലകൾ - ദിനാഘോഷങ്ങൾ** ദിനാചരണങ്ങളോടനുബന്ധിച്ച് വിവിധ കലാപരിപാടികൾക്ക് ഉദാ നൃത്തം, സംഗീതം, നാടകം തുടങ്ങിയവയ്ക്ക് അവസരം നൽകുന്നു. | **ഉദ്ദേശ്യം കുട്ടികളുടെ കലാപരമായ കഴിവുകളുടെ വികാസം ഉറപ്പുവരുത്തുന്നതിന് വികാസം ശരീരക - ചലനപരമായ ബുദ്ധി, ആന്തരവൈയക്തിക ബുദ്ധി** | അക്കാദമിക വർഷത്തിലുനീളം | അധ്യാപകർ പി.ടി.എ. | പി.ടി.എ. |
| എല്ലാ ക്ലാസിലും ടൈംടേബിളിൽ സർഗവേളയ്ക്ക് പിരീയഡ് നീക്കിവയ്ക്കുന്നു | | വർഷം മുഴുവൻ | അധ്യാപകർ | ആവശ്യമില്ല |
| സ്കൂൾ തല യുവജനോത്സവം എല്ലാകുട്ടികളെയും പങ്കെടുപ്പിച്ചുകൊണ്ട് വിപുലമായി നടത്തുന്നു. | | സെപ്തംബർ | അധ്യാപകർ പി.ടി.എ. | പി.ടി.എ. |

| | | | | |
|---|---|---|---|---|
| ഉപജില്ലാ കലോത്സവം സ്കൂളിന്റെ സജീവ പങ്കാളിത്തം ഉറപ്പാക്കിക്കൊണ്ട് വിപുലമായി നടത്തുന്നു. | | നവംബർ | അധ്യാപകർ പി.ടി.എ. | പി.ടി.എ. |
| ഉണരാം മികവിലേക്ക് നൃത്തം, സംഗീതം, നാടകം തുടങ്ങിയവയ്ക്കായി പ്രത്യേകം ക്ലാസ്മുറികൾ നീക്കിവയ്ക്കുന്നു അതിൽ പ്രത്യേകം ഉപകരണങ്ങളും ഉറപ്പാക്കുന്നു eg:- C.D Player, Music System, സംഗീത ഉപകരണങ്ങൾ etc.... | | 1 വർഷത്തിനകം | പി.ടി.എ. | പി.ടി.എ. |
| സംഗീതം, നൃത്തം, വയലിൻ, പിയാനോ തുടങ്ങി സംഗീത ഉപകരണങ്ങൾ പഠിപ്പിക്കുന്നതിനായി പ്രത്യേകം അധ്യാപകരെ നിയമിക്കുന്നു. | | 1 വർഷത്തിനകം | പി.ടി.എ. | പി.ടി.എ. |
| വിവിധതരം ചിത്രകലാരീതികൾ, നൃത്തരീതികൾ എന്നിവ പരിചയപ്പെടാനായി ശിൽപ്പശാലകൾ സംഘടിപ്പിക്കുന്നു. | | ജനുവരി | അധ്യാപകർ പി.ടി.എ. | പി.ടി.എ. |
| വിവിധ തരം കലാരൂപങ്ങൾ പരിചയപ്പെടുന്നതിനായി ICT സാധ്യതകൾ ഉപയോഗിക്കുന്നു. | | പഠന പ്രവർത്തനങ്ങളോടൊപ്പം | അധ്യാപകർ | ആവശ്യമില്ല |
| അറിവ് തേടി യാത്രകളിലൂടെ ചിത്രകലാമ്യൂസിയം, ഗാലറി സന്ദർശനം നടത്തുന്നു. | | നവംബർ | അധ്യാപകർ | പി.ടി.എ. |

# ശിശു സൗഹൃദ വിദ്യാലയം

| | പ്രവർത്തനം | | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| # Gender equality ലിംഗ സമത്വം Attendance register Seat Arrangement | ഹാജർ പട്ടികയിൽ ലിംഗ വിത്യാസമില്ലാതെ അക്ഷരമാലാ ക്രമത്തി ൽ പേരുകൾ ഉൾപ്പെടുത്തുക സീറ്റ് ക്രമീകരണത്തിൽ Gender വ്യത്യാസം കൊണ്ട് വരാതിരിക്കുക | എല്ലാവരും തുല്യരാണ് എന്ന കുട്ടികൾ മനസ്സിലാക്കുന്നു | അക്കാദമിക വർഷത്തിലുനീളം | ക്ലാസ് ടീച്ചർ | ആവശ്യമില്ല |
| # കൗൺസലിംഗ് ക്ലാസുകൾ കുട്ടികൾക്കായി ചേർത്ത് പിടിക്കാം കുരുന്നു കൈകൾ കുട്ടികൾക്കായി | കുട്ടികൾക്കായി കൗൺസലിംഗ് ക്ലാസുകൾ<br>• Good touch, bad touch നിറം, രൂപം, തുടങ്ങിയവയിൽ ഉള്ള വിവേചനം.<br>• കുട്ടികളുടെ ചിന്തകൾ സംശയങ്ങൾ തുടങ്ങിയവ പങ്ക് വയ്ക്കാൻ പ്രാപ്തരാക്കുക<br>• പ്രതികരണ ശീലം വളർത്തുക<br>• കുട്ടികളുടെ സംശയങ്ങളെയും ചിന്തകളെയും ഉൾക്കൊള്ളാനും അതിനു മറുപടി നൽകാനും ഉള്ള അന്തരീക്ഷം സൃഷ്ടിക്കുക.<br>• ഒന്നിന്റെ പേരിലും കുട്ടികളെ താരതമ്യം ചെയ്യാതിരിക്കുക.<br>• കുട്ടികളുടെ ശാരീരികവും മാനസികവുമായ വളർച്ചകളെ ഉൾക്കൊള്ളുകയും അതിനെ ക്കുറിച്ച് അവരെ | കുഞ്ഞുങ്ങൾക്കെതിരെയുള്ള ശാരീരിക മാനസിക പീഡനങ്ങളെ ക്കുറിച്ച് ബോധവാന്മാരാക്കുന്നു<br>കുട്ടികളും രക്ഷിതാക്കളും തമ്മിലുള്ള ബന്ധം ഊഷ്മളമാകുന്നു.<br>വളർച്ചാഘട്ടങ്ങളിൽ കുട്ടികളിലുണ്ടാകുന്ന ആശങ്കകൾ മാറുന്നു.<br>രക്ഷിതാക്കൾ ഒപ്പമുണ്ട് എന്ന ധൈര്യം | 6 മാസത്തിലൊരിക്കൽ | സ്കൂൾ അധികാരികൾ | പി.ടി.എ. |

| | | | | | |
|---|---|---|---|---|---|
| | ബോധവാന്മാരാക്കുകയും ചെയ്യുക<br>• വിഷമഘട്ടങ്ങളിൽ ചേർത്ത് പിടിക്കുക | വരുന്നു. | | | |
| ലഹരി വിരുദ്ധ ക്ലാസുകൾ കുഞ്ഞിക്കൈകളിലെ മയക്കുപൊതികൾ രക്ഷിതാക്കൾക്ക് | • പുകയില മദ്യം, മയക്കുമരുന്ന് എന്നീ ലഹരികളുടെ ദൂഷ്യഫലങ്ങളെ പറ്റി കുട്ടികളെ ബോധവൽക്കരിക്കുക കൂടുതൽ അറിവിലേക്കായി പ്രത്യേകം വീഡിയോകളും short film കളും പ്രദർശിപ്പിക്കുക. | ലഹരിയുടെ ദൂഷ്യവശങ്ങൾ മനസ്സിലാക്കുന്നു. | ജൂൺ | സ്കൂൾ അധികാരികൾ | പി.ടി.എ. |
| #self defence ക്ലാസ്സുകൾ കുഞ്ഞിക്കളരി | പെട്ടെന്നുള്ള ആക്രമണങ്ങളിൽ നിന്നും രക്ഷനേടാനായി കുട്ടികളെ പ്രാപ്തരാക്കുക പ്രാഥമിക അറിവുകൾ കുട്ടികളിൽ എത്തിക്കുക. | പ്രതിരോധിക്കാൻ പ്രാപ്തരാകുന്നു, അവർ ശക്തരാകുന്നു | | | |
| # പരാതിപ്പെട്ടി കൈത്താങ്ങ | വ്യക്തിപരമായ സ്കൂൾ സംബന്ധമായോ ഉള്ള ബുദ്ധിമുട്ടുകൾ അധ്യാപകരോടോ രക്ഷിതാക്കളോടോ പങ്ക് വക്കാൻ പറ്റാത്ത കുട്ടികൾക്ക് കാര്യങ്ങൾ എഴുതി പരാതിപെട്ടിയിൽ നിക്ഷേപിക്കാം | പേടിയില്ലാതെ കാര്യങ്ങൾ തുറന്നു പറയാൻ സഹായിക്കുന്നു | | | |
| എന്റെ കുട്ടി | ഒരു കുട്ടിയുടെ വ്യക്തിത്വം കുടുംബ പശ്ചാത്തലം എന്നിവയുടെ വിവരങ്ങൾ അടങ്ങിയ റെക്കോർഡുകൾ സൂക്ഷിക്കുന്നു. | | ജൂൺ | ക്ലാസ് ടീച്ചർ | |
| പോസ്റ്റർ പ്രദർശനം ഞങ്ങളുണ്ട് കൂടെ | പോലീസ് മാമൻ സഹായിക്കുക ചൈൽഡ് ഹെൽപ് ലൈൻ നമ്പർ ...... ക്കുക തുടങ്ങിയവ പോസ്റ്ററുകളാക്കി വദ്യാലയങ്ങളിലെ പലയിടങ്ങളിൽ ഒട്ടിച്ച് വക്കാം | കുട്ടികൾക്ക് അവരുടെ അവകാശങ്ങൾ മനസിലാക്കുന്നു. | ജൂൺ | സ്കൂൾ അധികാരികൾ | പി.ടി. എ. |

| | | | | | |
|---|---|---|---|---|---|
| സൗഹൃദ ക്ലബ് കിളിക്കൂട്ടുകാർ | സൗഹൃദ ക്ലബ് രൂപീകരിച്ച് ടീച്ചറുടെ പ്രതിനിധിയായി ഒരു ലീഡറെ നിയമക്കുക | | ജൂൺ - ജൂലൈ | ക്ലാസ് ടീച്ചർ | പി.ടി. എ. |
| Special PTA About parenting സ്നേഹ ഭവനം | Good Parenting<br>• സ്വന്തം സാമ്പത്തിക സ്ഥിതി മനസ്സിലാക്കി വളരാൻ അവരെ പ്രാപ്തമാക്കുക.<br>(Good feeling Communication) (കുട്ടികൾ ചെയ്തു കാര്യങ്ങൾ അഭിനന്ദിക്കുക)<br>• അവരുടെ കൂടെ സമയം ചിലവഴിക്കുക<br>• ആത്മവിശ്വാസം നൽകുക<br>• ജോലി സംബന്ധമായ വ്യക്തിപരമായ ഉണ്ടാക്കുന്ന ദേഷ്യം കുട്ടികളിൽ തീർക്കരുത്<br>• കുടുംബാംഗങ്ങൾ തമ്മിലുള്ള വാക്കുതർക്കങ്ങളിൽ കുട്ടികളെ മാറ്റി നിർത്തുക.<br>• കുട്ടികളുടെ അഭിരുചി മനസ്സിലാക്കി വളരാൻ പ്രാപ്തമാക്കുക | കുഞ്ഞുങ്ങളിലെ മാനസികാരോഗ്യം ശക്തിപ്പെടുന്നു | വർഷ ത്തിൽ ഒരിക്കൽ August/September | | പി.ടി. എ. |
| Influencers ഉയരം വാനോളം | വ്യത്യസ്തമേഖലകളിൽ പ്രഗത്ഭ്യം തെളിയിച്ച വ്യക്തികളെ കൊണ്ടുവരിക്കുയം ചെയ്യാം ഇത് കുഞ്ഞിങ്ങൾക്ക് പ്രചോദനം ആകുന്നു.<br>(Police, farmers Doctors, etc…) | | നവംബർ | | പി.ടി. എ. |

അക്കാദമിക മാസ്റ്റർ പ്ലാൻ യാഥാർത്ഥ്യമാകുമ്പോൾ ഉണ്ടാകുന്ന നേട്ടങ്ങൾ

- മുഴുവൻ കുട്ടികൾക്കും അറിവിന്റെ ഉയർന്ന തലങ്ങളിലേക്ക് എത്താൻ സഹായകമായ പഠനാവസരം ലഭ്യമാകും
- ആധുനിക സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തിയുള്ള മികച്ച പഠനത്തിനായി എല്ലാ ക്ലാസ്സു മുറികളും ഹൈടെക്ക് ആകും
- ക്ലാസ് മുറികൾ സ്മാർട്ടാകും
- കലാകായിക - പ്രവൃത്തിപരിചയ വിദ്യാഭ്യാസത്തിന് അനുഗുണമായ ഭൗതിക സാഹചര്യങ്ങൾ സൃഷ്ടിക്കപ്പെടും
- ആധുനിക സൗകര്യങ്ങളുള്ള വായനശാല, ലബോറട്ടറി, കുളിസ്ഥലം എന്നിവ ഓരോ സ്ക്കൂളിലും ഉണ്ടാകും.
- കാർഷിക സംസ്കാരമുള്ള പുതതലമുറ വളരും
- കുട്ടികളുടെ മാനസിക സംഘർഷത്തിനും പിരിമുറുക്കത്തിനും അയവുവരുത്താനുള്ള കൗൺസലിംഗ് സൗകര്യം എല്ലാ സ്കൂളുകളിലും ഉണ്ടാകും
- രക്ഷിതാക്കളുടെ സമൂഹത്തിന്റെയും മുഴുവൻ പിന്തുണയും സ്കൂളുകൾക്ക് ലഭ്യമാകും
- സ്കൂളും പരിസരവും വൃത്തിയും, മനോഹരവുമായിതീരും.
- സ്വന്തം വിദ്യാലയത്തനായി നിരന്തരം പ്രവർത്തിക്കുന്ന സമർപ്പിത അധ്യാപക സമൂഹത്തെ വാർത്തെടുക്കാൻ സാധിക്കും.
- അന്താരാഷ്ട്ര നിലവാരത്തിലുള്ള വിദ്യാഭ്യാസം കുട്ടികൾക്ക് ലഭ്യമാകും.